## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3562 — 20.06.2018 ൽ മറുപടിക്ക്

### ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നേഴ്സുമാരുടെ ശമ്പളം

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എൻ. ആർ. എച്ച്. എം, എച്ച്. ഡി. എസ്, കെ. എച്ച്. ആർ. ഡബ്ല്യു എസ്. എന്നിവിടങ്ങളിൽ കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്റ്റാഫ് നേഴ്സുമാർക്ക് റഗുലർ സ്റ്റാഫ് നേഴ്സുമാരുടെ അടിസ്ഥാന ശമ്പളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അടിസ്ഥാന ശമ്പളം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 28.04.2017 ലെ സ.ഉ (അ) 56/2017/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്റ്റാഫ് നേഴ്സുമാർക്ക് ശമ്പളം നൽകിവരുന്നത്. കൂടാതെ എൻ. എച്ച്.എം ജീവനക്കാർക്ക് ഇന്ത്യ ഗവൺമെന്റ് വർഷംതോറും ആർ.ഒ.പി പ്രകാരം അനുവദിക്കുന്ന ശമ്പളം നൽകി വരുന്നുണ്ട്. |
| (സി) | പൊതു അവധി ദിനങ്ങൾ അവർക്കും അവധിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | അനുവദനീയമായത് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ